**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1268** | **01-02-2024 - ൽ മറുപടിയ്ക്ക്**

**റോഡുകളിൽ താൽക്കാലിക റീ ടാറിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കെ.ആർ.എഫ്.ബി.യ്ക്ക് കൈമാറിയ റോഡുകളിൽ നിശ്ചയിച്ച പ്രവൃത്തികൾ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ താൽക്കാലികമായ റീ ടാറിംഗ് നടത്തുന്നതിന് എന്ത് സംവിധാനമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി - പി.എം.യു മുഖേന നടപ്പിലാക്കുവാൻ നിശ്ചയിച്ച റോഡ് പ്രവൃത്തികളിൽ ചിലതിൽ സ്ഥലം ഏറ്റെടുക്കൽ, യൂട്ടിലിറ്റി ഷിഫ്റ്റിങ് മുതലായവ മൂലം കാലതാമസം നേരിടുന്ന സാഹചര്യത്തിൽ താൽക്കാലികമായി അറ്റകുറ്റ പണികൾ ചെയ്ത് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് 100 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഇതിൽ അതാത് ജില്ലകളിലെ എക്സിക്യൂട്ടീവ് എൻജിനീയർമാർ ആവശ്യപ്പെടുന്നതനുസരിച്ച് ഭരണാനുമതി നൽകിവരുന്നു. ഇപ്രകാരം കിഫ്ബി അനുവദിച്ച 100 കോടി രൂപയും വിനിയോഗിച്ച് അറ്റകുറ്റപണികൾ നടപ്പിലാക്കിയ സാഹചര്യത്തിൽ അറ്റകുറ്റപ്പണികൾ ആവശ്യമുള്ള കൂടുതൽ റോഡുകൾക്ക് 50 കോടി രൂപ കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പി.എം.യു -കെ.ആർ.എഫ്.ബി-യിൽ നിന്ന് കിഫ്ബിക്ക് 07.10.2023-ൽ കത്ത് നൽകിയിട്ടുണ്ട്. ആയത് അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് അറ്റകുറ്റപ്പണികൾക്ക് തുക അനുവദിക്കാൻ കഴിയുന്നതാണ്. |
| (ബി) | മാവൂർ എൻ.ഐ.ടി. - കൊടുവള്ളി റോഡിൽ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | മാവൂർ - NIT - കൊടുവള്ളി റോഡ് അടിയന്തിരമായി ഗതാഗത യോഗ്യമാക്കു ന്നതിന് അറ്റകുറ്റപ്പണികൾക്ക് തുക ആവശ്യപ്പെട്ട് 07.10.2023-ന് പി.എം.യു-കെ.ആർ.എഫ്.ബി-ൽ നിന്ന് കിഫ്ബിയിലേക്ക് സമർപ്പിച്ച, റോഡുകളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിക്കായി 80 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. തുക അനുവദിക്കുന്ന മുറയ്ക്ക് അറ്റകുറ്റ പണികൾ നടത്തി റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത റോഡിൽ വാട്ടർ അതോറിറ്റിയുടെയും, JJM പദ്ധതിയുടെയും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമൂലം വന്നിട്ടുള്ള കേടുപാടുകൾ |

| | | | |
|---|---|---|---|
| | | | തീർക്കുന്നതിനും റെസ്റ്റോറേഷൻ നടത്തുന്നതിനും കേരള വാട്ടർ അതോറിറ്റിയ്ക്ക് നിർദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ